പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1753

04.12.2018 ൽ മറുപടിയ്ക്ക്

## കോതമംഗലത്ത് വികസന പരിശീലന കേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആന്റണി ജോൺ | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) ഗ്രാമവികസന വകുപ്പിന്റെ ഒരു വികസന പരിശീലന കേന്ദ്രം കോതമംഗലത്ത് ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) ലഭിച്ചിട്ടുണ്ട്; കില നിയോഗിച്ച മൂന്നംഗ സംഘം പ്രസ്തുത സ്ഥലം സന്ദർശിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികളും, ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിശദമായ ഒരു സാധ്യതാ പഠന റിപ്പോർട്ട് കില ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു. |
| ബി) കോതമംഗലം മണ്ഡലത്തിൽ പ്രസ്തുത വികസന പരിശീലന കേന്ദ്രത്തിന് വേണ്ടി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; | ബി) കിലയുടെ സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിലെ കൊട്ടളത്ത് മല സർവ്വേ നമ്പർ 125-ലെ 6.33 ഏക്കർ സ്ഥലം വികസന പരിശീലന കേന്ദ്രത്തിനു അനുയോജ്യമാണെന്ന് അറിയിച്ചിട്ടുണ്ട്. |
| സി) ഇത്തരം വികസന പരിശീലന കേന്ദ്രങ്ങളുടെ അടിസ്ഥാന വികസനത്തിന് കേന്ദ്രസർക്കാരിൽ നിന്നും സഹായം | സി) വികസന പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആദ്യ ഘട്ടത്തിൽ ആവശ്യമായ തുക |

ലഭിക്കാൻ സാധ്യതയുണ്ടോ; വിശദമാക്കാമോ;

മുഴുവൻ കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുവാൻ സാധ്യതയുണ്ട്. കൂടാതെ, പരിശീലന പരിപാടികൾക്കായി പ്രതിവർഷം 20 ലക്ഷം രൂപയും ലഭിക്കാവുന്നതാണ്. എന്നാൽ, തുടർന്ന് വികസന പരിശീലന കേന്ദ്രത്തിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ ദൈനംദിന ചെലവുകൾക്കും മറ്റു ഭരണപരമായ ചെലവുകൾക്കും ആവശ്യമായ തുക കേന്ദ്രസർക്കാർ അനുവദിക്കുന്നതല്ല. ആയതു സംസ്ഥാന സർക്കാർ വഹിക്കേണ്ടി വരും.

ഡി) പ്രളയക്കെടുതി മൂലം ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് നൈപുണ്യവികസനത്തിനും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഉതകുന്ന പ്രസ്തുത പരിശീലനകേന്ദ്രം കോതമംഗലത്ത് ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഡി) നൈപുണ്യ വികസനവും, സ്വയംതൊഴിൽ സംരംഭകർക്കുള്ള വൈദഗ്ദ്ധ്യ പരിശീലനവും വികസന പരിശീലന കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന വിഷയമല്ല.

സെക്ഷൻ ഓഫീസർ